# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.389 27.09.2011-ലെ മറുപടിക്ക്.

## വാർഡ് തല സമിതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.റ്റി.എ.റഹീം | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| എ) പഞ്ചായത്ത് ഗ്രാമസഭകൾക്ക് വാർഡ്തല സമിതികൾ ഉണ്ടോ; | എ) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 164 2-ാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിന് ഓരോ നിയോജക മണ്ഡലത്തിനും വേണ്ടി ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ബന്ധപ്പെട്ട നിയോജക മണ്ഡല-ത്തിലെ അംഗവും ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന തദ്ദേശ നിവാസികളും അടങ്ങിയ വാർഡ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. |
| ബി) എങ്കിൽ ഇതിൽ എത്ര മെമ്പർമാർ വേണമെന്ന് വ്യവസ്ഥയുണ്ടോ; | ബി | പഞ്ചായത്ത് കമ്മിറ്റിയുടെ തീരു-മാനത്തിന് വിധേയമായാണ് അംഗ-ങ്ങളെ നിശ്ചയിക്കുന്നത്. |
| സി) ഇതിലേക്ക് അംഗങ്ങളെ നിയോഗിക്കുന്നതിൽ വാർഡ് മെമ്പർക്ക് എന്ത് പങ്കാണുള്ളത്; | സി | വാർഡ് മെമ്പറാണ് വാർഡ് തല സമിതിയുടെ കൺവീനർ. ഗ്രാമ പഞ്ചായത്താണ് അംഗങ്ങളെ നാമ നിർദ്ദേശം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| ഡി) | ആരാണ് വാർഡ് തല സമിതിയിലേക്ക് അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നത്; | ഡി | പഞ്ചായത്ത് കമ്മിറ്റി നിർദ്ദേശ പ്രകാരമാണ് അംഗങ്ങളെ നിശ്ചയി - ക്കുന്നത്. |
| ഇ) | ഗ്രാമസഭകളുടെ തീരുമാനത്തിന് വിരുദ്ധമായി വാർഡ് തല സമിതികൾക്ക് തീരുമാനമെടുക്കാൻ സാധിക്കുമോ; | ഇ | ഇല്ല. വാർഡ്തല സമിതികളുടെ നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ തീരുമാനത്തിന് വിധേയമാണ്. |
| എഫ്) | വാർഡ് തല സമിതികൾ വിളിച്ചു കൂട്ടേണ്ടത് ആരാണ്; | എഫ് | വാർഡ് മെമ്പറാണ് വാർഡ്തല സമിതികൾ വിളിച്ചു കൂട്ടേണ്ടത്. |
| ജി) | അദ്ധ്യക്ഷം വഹിക്കേണ്ടതും മിനിറ്റ്സ് എഴുതേണ്ടതും ആരാണ്; | ജി | വാർഡ്തല സമിതിയിൽ അദ്ധ്യക്ഷം വഹിക്കേണ്ടത് വാർഡ് മെമ്പറാണ്. വാർഡ് കമ്മിറ്റി നിയോഗിക്കുന്ന കോ-ഓർഡിനേറ്റർക്ക് മിനിട്ട്സ് രേഖപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ